## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 277 08.11.2019-ൽ മറുപടിയ്ക്ക്

## കാലാവസ്ഥാ വ്യതിയാനം നേരിടുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കർമ്മപദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി. ഉണ്ണി<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.യു.ആർ പ്രദീപ് | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന വെല്ലുവിളികളെ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്നീ മേഖലയ്ക്ക് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് ഇത്തരം ദുരന്തങ്ങൾ ഉണ്ടാകുന്നതിന് സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി മാപ്പ് ചെയ്യുകയും ഓരോ പ്രദേശത്തിന്റേയും ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ കണക്കാക്കി തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും വേണമെന്ന നിർദ്ദേശം തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) | കാലാവസ്ഥാ വ്യതിയാനം കൊണ്ട് ഓരോ പ്രദേശങ്ങളിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ അറിയുന്നത് അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായതിനാൽ അവയെ ഫലപ്രദമായി നേരിടുന്നതിനും അടിയന്തരരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിനും ആവശ്യമായ എന്തെല്ലാം പരിശീലന പരിപാടികളാണ് ആസൂത്രണം ചെയ്തി | (ബി) | കിലയുടെ നേതൃത്വത്തിൽ കാലാവസ്ഥാ വ്യതിയാനം അവസ്ഥാ വിശകലനം ചെയ്ത് 'പ്രാദേശിക കർമ്മ പദ്ധതി' തയ്യാറാക്കാനുള്ള രീതിശാസ്ത്രം വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി ഇതിനകം 210 ഗ്രാമപഞ്ചായത്തുകൾക്ക് പരിശീലനം നൽകുകയുണ്ടായി. ഈ രീതിശാസ്ത്രം അനുസരിച്ച് 'കാലാവസ്ഥ വ്യതിയാനം പ്രാദേശിക കർമ്മ പദ്ധതി' 10 ഗ്രാമപഞ്ചായത്തുകളിൽ ഇതിനകം തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. ഇതുമായി |

| | | | |
|---|---|---|---|
| | ട്ടുള്ളതെന്ന് വിശദമാക്കാമോ; | | ബന്ധപ്പെട്ട് 2019 ഒക്ടോബർ 29, 30 തീയതികളിലായി കിലയിൽ ദേശീയ ശില്പശാലയും സംഘടിപ്പിച്ചിരുന്നു. കൂടാതെ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് കിലയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം കർമ്മപദ്ധതി ക്കായുള്ള പരിശീലന പരിപാടി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കിവരികയാണ്. കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച് കാർബൺ ന്യൂട്രൽ എന്ന പരിശീലന പരിപാടിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ദുരന്തങ്ങളെ എങ്ങനെ നേരിടാം എന്ന പേരിലുള്ള വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം തയ്യാറാക്കി നൽകിയിട്ടുണ്ട്. അതിന്റെ ആദ്യഘട്ട പരിശീലനവും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കേരളത്തിലെ പ്രളയബാധിത പ്രദേശങ്ങളിലെ കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റ പണികളും സംബന്ധിച്ച കൈപ്പുസ്തകം കില പ്രസിദ്ധീകരിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. ദുരന്തങ്ങളെ നേരിടാൻ വേണ്ടിയുള്ള പഞ്ചായത്ത്തല പദ്ധതി രൂപീകരണ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് കില ആവിഷ്കരിച്ചുവരുന്നു. |
| (സി) | പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന അടിയന്തര സാഹചര്യങ്ങളിൽ മറ്റ് വകുപ്പുകൾ തമ്മിലുള്ള ഏകോപനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; | (സി) | പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന അടിയന്തര സാഹചര്യങ്ങളിൽ മറ്റ് വകുപ്പുകൾ തമ്മിലുള്ള ഏകോപനം കാര്യക്ഷമമാക്കാൻ ജില്ല തലത്തിൽ അടിയന്തര ഘട്ട പ്രതികരണ സംഘം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗരേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തുവാനും, 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത |

| | | | |
|---|---|---|---|
| . | . | | സാഹചര്യങ്ങൾ എങ്ങനെ നേരിടണം എന്നും നിർദേശം നല്കിയിട്ടുണ്ട്. ജില്ല ദുരന്ത നിവാരണ അതോറിറ്റി നിദേശിക്കുന്ന രീതിയിൽ ആണ് തദ്ദേശ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത് എന്നാണ് ദുരന്ത നിവാരണ നിയമം അനുശാസിക്കുന്നത്. |
| (ഡി) | ഓരോ പഞ്ചായത്തിലും ലോക്കൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച് എന്ന പ്രാദേശിക കർമ്മപദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മപദ്ധതി രീതിശാസ്ത്രം പൂർണ്ണമാക്കി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്ന രീതിയിൽ ആവിഷ്കരിക്കുവാൻ ആലോചിച്ചുവരുന്നു. ഇതിന്റെ ഭാഗമായി മുന്നൂറോളം തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ഥലപരമായ ആസൂത്രണ (Spatial Planning) ത്തിനുള്ള പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ